LIBRARY ARCHIVES Kerala Legislative Assembly

ഹാംലറ്റ് പദ്ധതി

265 (650) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ ഉന്നമനത്തിനായി തയ്യാറാക്കിയ ഹാംലറ്റ് പദ്ധതി , റാന്നി നിയോജകമണ്ഡലത്തിലെ ഏതെല്ലാം പട്ടികവർഗ്ഗ കോളനികളിൽ നടപ്പിലാക്കിയെന്ന് വിശദമാക്കുമോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് ഇവിടെ നടപ്പാക്കിയിട്ടുള്ളത്; ഇവയിൽ ഏതെല്ലാം പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്; ഇനിയും ഏതെല്ലാം പദ്ധതികളാണ് പൂർത്തീകരിക്കാനുള്ളത്; ഏത് ഏജൻസിയ്ക്കാണ് ഇതിന്റെ നിർമ്മാണ ചുമതല നൽകിയിട്ടുള്ളത്; കരാർ പ്രകാരം എന്നാണ് പദ്ധതി പൂർത്തിയാക്കേണ്ടിയിരുന്നത്; കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ; എന്നത്തേക്ക് പദ്ധതി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) റാന്നി നിയോജകമണ്ഡലത്തിലെ കരുമ്പൻമൂഴി - മണക്കയം പട്ടികവർഗ്ഗ സങ്കേതങ്ങളാണ് ഹാംലറ്റ് പദ്ധതിയിൽ തെരഞ്ഞെടുത്തിരിക്കുന്നത്.

(ബി)

ക്രമ നമ്പർ	പദ്ധതി	സങ്കേതം	നിലവിലെ സ്ഥിതി
(1)	(2)	(3)	(4)
1	കമ്മ്യൂണിറ്റി ഹാൾ നവീകരണം	കരുമ്പൻമൂഴി	ഒന്നാം നില കോൺക്രീറ്റ് കഴിഞ്ഞു. രണ്ടാം നില പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു
2	ജീവനോപാധി പ്രവർത്തനങ്ങൾ	കരുമ്പൻമൂഴി മണക്കയം	പൂർത്തീകരിച്ചു. പശു ആട് എന്നിവ വിതരണം ചെയ്തു.
3	വീട് വൈദ്യുതീകരണം	കരുമ്പൻമൂഴി	ഗുണഭോക്താക്കൾ അവ സ്വന്തമായി ചെയ്യാൻ തീരുമാനിച്ചതു പ്രകാരം ഏജൻസിയുമായി തർക്കത്തിലായതിനാൽ നിർമ്മാണം തടസ്സപ്പെട്ടിരിക്കുകയാണ്

(1)	(2)	(3)	(4)
4	കാർഷിക പദ്ധതികൾ	കരുമ്പൻമൂഴി	ഭാഗീകമായി പൂർത്തീകരിച്ചു.
5	ശുചിമുറി നിർമ്മാണം	കരുമ്പൻമൂഴി	ഗുണഭോക്താക്കൾസ്വന്തമായി ചെയ്യാൻ തീരുമാനിച്ചു. ഭാഗീകമായി ചെയ്തു.
6	റബ്ബർ റോളർ വിതരണം	കരുമ്പൻമൂഴി മണക്കയം	ടെണ്ടർ ചെയ്ത് കരാർ വച്ചിട്ടുണ്ട്.
7	ഹെൽത്ത് സെന്ററിൽ സാനിട്ടേഷൻ സൗകര്യം	മണക്കയം	നിർമ്മാണം പുരോഗമിക്കുന്നു.
8	റോഡ് നിർമ്മാണം	കരുമ്പൻമൂഴി	പൂർത്തീകരിച്ചു.
9	കമ്മ്യൂണിറ്റി ഹാൾ നവീകരണം	മണക്കയം	ടെണ്ടർ ചെയ്ത് കരാർ വച്ചിട്ടുണ്ട്.
10	അംഗൻവാടിക്ക് അടുക്കള	മണക്കയം	ടെണ്ടർ ചെയ്ത് കരാർ വച്ചിട്ടുണ്ട്.

കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് എന്ന സ്ഥാപനത്തിനാണ് നിർവ്വഹണ ചുമതല ഏല്പിച്ചിട്ടുള്ളത്. കരാർപ്രകാരം 2014 മാർച്ച്31 ന് പൂർത്തീകരിക്കേണ്ടതാണ്.

നിർവ്വഹണ ഏജൻസിയും കോളനി നിവാസികളും തമ്മിലുള്ള തർക്കങ്ങളും ഏജൻസിയുടെ അനാസ്ഥയും കാലതാമസത്തിന് കാരണമായിട്ടുണ്ട്. കാലതാമസം പരിഹരിക്കാൻ ഏജൻസിക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. 2016 മാർച്ച് 31 ന് മുമ്പ് പൂർത്തീകരിക്കാമെന്ന് നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

പ്രാക്തന ഗോത്ര വിഭാഗത്തിൽപ്പെട്ടവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനുള്ള പ്രത്യേക പദ്ധതി

266 (651) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാക്തന ഗോത്രവിഭാഗത്തിൽപ്പെട്ടവരുടെ ജീവിത നിലവാരം

LIBRARY ARCHIVES Kerala Legislative Assembly